**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 350 — 4. 2. 2013 - ൽ മറുപടിക്ക്

## വിജിലൻസ് കേസ്

ചോദ്യം

ശ്രീ.എ.എം.ആരിഫ് :

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

(എ) സുപ്രീം കോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് നേരിൽ കണ്ടു എന്ന വിവാദ പ്രസംഗത്തിന്റെ പേരിൽ കെ.സുധാകരൻ എം.പി. യ്ക്കെതിരെ വിജിലൻസ് സ്വമേധയാ കേസെടുത്തിരുന്നോ ;

(എ) സുപ്രീം കോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് നേരിൽ കണ്ടു എന്ന വിവാദ പ്രസംഗത്തിന്റെ പേരിൽ ശ്രീ. കെ.സുധാകരൻ,എം.പി.യ്ക്കെതിരെ വിജിലൻസ് കേസ് എടുത്തിരുന്നു.

(ബി) കേസെടുക്കുന്നതിന് വിജിലൻസ് ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തൊക്കെയായിരുന്നു ;

(ബി) സുപ്രീം കോടതി ജഡ്ജി കൈക്കൂലി വാങ്ങിയതായി നേരിൽ കണ്ടു എന്ന ശ്രീ. കെ.സുധാകരൻ,എം.പി.യുടെ പ്രസംഗത്തെ സംബന്ധിച്ചുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്.

(സി) ഇപ്പോൾ സി.ബി.ഐ. അന്വേഷണം നടക്കുന്നുവെന്നതു കൊണ്ടും സംഭവം നടന്നത് തങ്ങളുടെ അന്വേഷണ പരിധിയിലല്ല എന്നതുകൊണ്ടും വിജിലൻസ് കേസ് പിൻവലിച്ചിട്ടുണ്ടോ; യഥാർത്ഥത്തിൽ സി.ബി.ഐ.അന്വേഷണം നടക്കുന്നുണ്ടോ;

(സി) വിജിലൻസ് ആംഗിൾ ഇല്ലാത്തതിനാൽ വിജിലൻസ് കേസ് പിൻവലിച്ചിട്ടുണ്ട്. സി.ബി.ഐ. അന്വേഷണം നടക്കുന്നതായി അറിവില്ല.

(ഡി) അങ്ങനെയെങ്കിൽ, സ്വമേധയാ കേസെടുത്ത വേളയിൽ വിജിലൻസ് ഇക്കാര്യം പരിഗണിച്ചിരുന്നില്ലേ; വ്യക്തമാക്കാമോ ?

(ഡി) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ വേളയിലാണ് വിജിലൻസ് ആംഗിൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടത്.

സെക്ഷൻ ആഫീസർ